LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ആദിവാസികൾക്കും ഭൂമി നൽകണമെന്ന കോടതി വിധി

120 (1063) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമി നഷ്ടപ്പെട്ട എല്ലാ ആദിവാസികൾക്കും ഭൂമി നൽകണമെന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ : എങ്കിൽ ഇവർക്ക് ഭൂമി നൽകാൻ സർക്കാർ എവിടെയൊക്കെയാണ് സ്ഥലം കണ്ടെത്തിയിരിക്കുന്നത് ; എന്നത്തേക്ക് വിതരണം പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യാധീനപ്പെട്ടുപോയ ഭൂമി ആദിവാസികൾക്ക് വീണ്ടെടുത്ത് നൽകാനും അപ്രകാരം വീണ്ടെടുത്ത് നൽകാൻ കഴിയാത്ത കേസുകളിൽ പകരം ഭൂമി ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. വനം വകുപ്പ് നടത്തിയ വിശദ്ധീകരണത്തിൽ ഇത്തരത്തിൽ 3270 കേസുകൾ ഉള്ളതായി കണ്ടെത്തിയിരുന്നു. ഭൂമി അന്യാധീനപ്പെട്ടുപോയ അർഹരായ എല്ലാവർക്കും ഭൂമി നൽകുന്നതിനുവേണ്ടി ലഭ്യമായ വനഭൂമി, സുപ്രീം കോടതിയുടെ പരിഗണനയിലുള്ള 7693 ഹെക്ടർ ഭൂമി നെറ്റ് പ്രസന്റ് വാല്യൂ (NPV) ഒഴിവാക്കിയും സ്വകാര്യ വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങാൻ ഉദ്ദേശിച്ച ഭൂമി എന്നിങ്ങനെ വിവിധ സ്രോതസ്സുകളിൽ നിന്നും ഭൂമി ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ ലഭ്യമായ നിക്ഷിപ്ത വനഭൂമി പരിശോധിച്ച് വിതരണത്തിനുള്ള അനുയോജ്യത ഉറപ്പുവരുത്തുന്ന നടപടി പൂർത്തിയായി വരുന്നു. 2011 മാർച്ച് 31-നകം വിതരണം പൂർത്തിയാക്കണമെന്നതാണ് ബഹു. സുപ്രീം കോടതിയുടെ വിധി. അതനുസരിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

അട്ടപ്പാടി ആദിവാസി ഭൂമി കയ്യേറ്റം

121 (1064) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ ആദിവാസികളുടെ ഭൂമി കാറ്റാടി കമ്പനി കൈയടക്കിയതുമായി ബന്ധപ്പെട്ട് പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പും വൈദ്യുതി വകുപ്പും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കയ്യേറ്റ വിവരം എപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ :

(സി) കാറ്റാടി കമ്പനിക്ക് പ്രവർത്തനാനുമതി നൽകിയ ഏജൻസി ഏതാണ് ;

(ഡി) പ്രവർത്തനാനുമതി നൽകുമ്പോൾ ഏത് ഭൂമിയിലാണ് കാറ്റാടികൾ സ്ഥാപിക്കുന്നത് എന്നത് സംബന്ധിച്ച് സർക്കാരിന് അറിവുണ്ടായിരുന്നോ : എങ്കിൽ അതിൽ ആദിവാസി ഭൂമി ഉൾപ്പെടുന്നുണ്ടോ എന്ന കാര്യം അനുമതി നൽകുംമുമ്പ് പരിശോധിച്ചിരുന്നോ ; എങ്കിൽ ആരാണ് പരിശോധിച്ചത് ;

(ഇ) അത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ :

(എഫ്) ആദിവാസി ഊര് സന്ദർശനത്തിന്റെ ഭാഗമായി ബഹു. മന്ത്രി അട്ടപ്പാടി സന്ദർശിച്ചിരുന്നോ ; എങ്കിൽ എന്ന് ;

(ജി) ഭൂമി കയ്യേറ്റം സംബന്ധിച്ച പരാതി അന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നോ : എങ്കിൽ എന്ത് നടപടി അപ്പോൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാറ്റാടി കമ്പനി ആദിവാസി ഭൂമി കൈയടക്കിയതുമായി ബന്ധപ്പെട്ട് അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ അന്വേഷണം നടത്തുകയും ഇതിനെ തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1999-ലെ പട്ടികവർഗ്ഗ ഭൂമികൈമാറ്റ നിയന്ത്രണവും തിരിച്ചെടുക്കലും നിയമപ്രകാരമുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പാലം RDO ഇതുസംബന്ധിച്ച നടപടികൾ എടുത്തിട്ടുണ്ട്. അട്ടപ്പാടിയിലെ കാറ്റാടി കമ്പനി പ്രശ്നവുമായി ബന്ധപ്പെട്ട് സർക്കാർ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയോഗിച്ച ഉന്നതതല സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പും വൈദ്യുതി വകുപ്പും റവന്യൂ വകുപ്പും രജിസ്ട്രേഷൻ വകുപ്പും വനം വകുപ്പും ആഭ്യന്തര വകുപ്പും സ്വീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ചീഫ് സെക്രട്ടറി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടിയിലെ എല്ലാ ഭൂമിയുടെയും സർവ്വേ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസറുടെ 7-5-2010-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രദ്ധയിൽ വന്നത്.

(സി) അനെർട്ട്.

(ഡി&ഇ) രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകളുടെ ആധികാരിക സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ഭൂമിയിൽ ആദിവാസി ഭൂമി ഉൾപ്പെടുന്നില്ല എന്ന് പരിശോധിച്ചാണ് അനെർട്ട് സാങ്കേതിക അനുമതി നൽകിയത്.

(എഫ്) ആദിവാസി ഊർ സന്ദർശനത്തിന്റെ ഭാഗമായി 2009 ഒക്ടോബർ 2, 3, 4 തീയതികളിൽ അട്ടപ്പാടി സന്ദർശിച്ചിരുന്നു.

(ജി) അന്ന് ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly